**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 385** **08-06-2021 - ൽ മറുപടിയ്ക്ക്**

**വൻകിട വ്യവസായ മേഖലയിലെ പുതിയ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. താഴെപ്പറയുന്ന വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് i) 185 കോടി രൂപ നിക്ഷേപത്തിൽ Dr.K.M.Cherian Institute of Medical Sciences Pvt Ltd . ii).എറണാകുളം ജില്ലയിൽ കിൻഫ്ര സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്കിൽ M/s BPCL - ന്റെ രണ്ടാംഘട്ട വികസനത്തിനായി 170 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ 5912 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം വ്യവസായങ്ങളെന്നും, അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായി എന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. താഴെപ്പറയുന്ന വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് i) 185 കോടി രൂപ നിക്ഷേപത്തിൽ Dr.K.M.Cherian Institute of Medical Sciences Pvt Ltd . ii).എറണാകുളം ജില്ലയിൽ കിൻഫ്ര സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്കിൽ M/s BPCL - ന്റെ രണ്ടാംഘട്ട വികസനത്തിനായി 170 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ 5912 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും വൻകിട വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ഉണ്ട്. മൂല്യവർദ്ധിത റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണനങ്ങൾക്കായി റബ്ബർ പാർക്ക്, സമഗ്രമായ വ്യാവസായിക വികസനം ലക്ഷ്യമിട്ടുള്ള കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി, കൊച്ചി പെട്രോ കെമിക്കൽ പാർക്ക്, തൊടുപുഴ സ്പൈസസ് പാർക്ക്, വ്യവസായ സംരംഭകർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള കാക്കഞ്ചേരി ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾക്കായുള്ള |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം കിൻഫ്ര- പ്രത്യേക സാമ്പത്തിക മേഖല എന്നിവ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വൻ പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ